(ബി) മാനസിക വെല്ലുവിളി നേരിടുന്നവരെ ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ജില്ലകളിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഒരു സർക്കാർ മനോരോഗാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ. (അച്ചടി) 92/2000 ആ.ക.വ. തീയതി 13-4-2000 പ്രകാരം ഇത് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സ.ഉ. (അച്ചടി) നം. 206/2013/ആ.ക.വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ എല്ലാ ജില്ലകളിലും രണ്ടു വീതം പകൽ വീടുകൾ (സ്ത്രീകൾക്കും പുരുഷന്മാർക്കും ഓരോന്നുവീതം) ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള 16 പകൽ വീടുകൾ വിവിധ ജില്ലകളിലായി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടിൽ വച്ചുതന്നെ ചികിത്സിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. അതിനാൽ പുതുതായി മനോരോഗാശുപത്രികൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ജില്ലാ ആശുപത്രികളിലെ മാനസികാരോഗ്യ വിഭാഗത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മനോരോഗ ചികിത്സാ വിദഗ്ധരുടെ ലഭ്യത അനുസരിച്ച് താലൂക്ക് ആശുപത്രികളിൽ മാനസികരോഗ ചികിത്സ ലഭ്യമാക്കുക, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക എന്നിവയ്ക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

ഫിസിയോ തെറാപ്പിസ്റ്റ്

32 (4315) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ഫിസിയോ തെറാപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും ആളിനെ നിയമിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ എത്ര വേക്കൻസി ഉണ്ട്;

(ഡി) എൻ.ആർ.എച്ച്.എം./എച്ച്.എം.സി. നിയമനങ്ങൾ പി.എസ്.സി. ലിസ്റ്റിൽ ഉള്ളവരിൽ നിന്നും എടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച മുറയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

(സി) ടി തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധന

33 (4316) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ചെറുതും വലുതുമായ ബോട്ടിലുകളിൽ അടച്ച് വിവിധ ഏജൻസികൾ വിപണനം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരവും വിലനിലവാരവും നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽ നിന്ന് ശേഖരിക്കുന്ന മിനറൽ വാട്ടറിന്റെ സാമ്പിളുകൾ, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നതും നിശ്ചിത ഗുണനിലവാരമില്ലാത്ത കുപ്പിവെള്ള കമ്പനികൾക്കെതിരെ, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്. BIS-ഉം കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly